പതിമൂന്നാം കേരള നിയമസഭ
ഒൻപതാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നംപർ. 5713

05.07.2013 ൽ
മറുപടിക്ക്

# ഡാറ്റാ ബാങ്കിൽ നിന്നും അനധികൃതമായി ഒഴിവാക്കപ്പെട്ട കൃഷിയിടങ്ങൾ

ചോദ്യം
ശ്രീ.ബി.ഡി.ദേവസ്സി :

(എ) മുകുന്ദപുരം താലൂക്കിൽപ്പെട്ട പരിയാരം ഗ്രൂപ്പു വില്ലേജിൽ ഉൾപ്പെടുന്നതും പരിയാരം ഗ്രാമപഞ്ചായത്തിൽപ്പെട്ടതുമായ നെൽകൃഷിയിടങ്ങൾ ഡാറ്റാബാങ്കിൽ നിന്നും വ്യാപകമായി ഒഴിവാക്കപ്പെട്ടത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; ഇത് സംബന്ധിച്ച് അന്വേഷണം നടത്തി മുഴുവൻ നെൽകൃഷിയിടങ്ങളും ഡാറ്റാബാങ്കിൽ ഉൾപ്പെടുത്താൻ നടപടി സ്വീകരിക്കുമോ ;

(ബി) ചാലക്കുടി മണ്ഡലത്തിൽപ്പെട്ട പരിയാരം ഗ്രാമപഞ്ചായത്തിൽപ്പെടുന്ന ചാലക്കുടിപ്പുഴയോരങ്ങൾ വ്യാപകമായി കയ്യേറി നിർമ്മാണ പ്രവർത്തനങ്ങൾ നടത്തുന്നത് സംബന്ധിച്ച് പരാതികൾ ഉയർന്നിരിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; പുഴയോരം അളന്നു തിട്ടപ്പെടുത്തി കയ്യേറ്റങ്ങൾ ഒഴിവാക്കുന്നതിനായി നടപടി സ്വീകരിക്കുമോ ?

ഉത്തരം
ശ്രീ.അടൂർ പ്രകാശ്
(റവന്യൂവും കയറും വകുപ്പു മന്ത്രി)

(എ) മുകുന്ദപുരം താലൂക്കിൽപ്പെട്ട പരിയാരം ഗ്രൂപ്പു വില്ലേജിൽ ഉൾപ്പെടുന്നതും പരിയാരം ഗ്രാമപഞ്ചായത്തിൽപ്പെടുന്നതുമായ നെൽകൃഷിയിടങ്ങൾ ഡാറ്റാബാങ്കിൽ നിന്നും വ്യാപകമായി ഒഴിവാക്കപ്പെട്ടിട്ടുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. എങ്കിലും ഇക്കാര്യം സംബന്ധിച്ച് അന്വേഷണം നടത്തുന്നതിന് പരിയാരം കൃഷി ഓഫീസർക്ക് നിർദ്ദേശം നൽകിയിട്ടുള്ളതും നടപടികൾ ആരംഭിച്ചിട്ടുള്ളതുമാണ്.

(ബി) പരിയാരം ഗ്രാമപഞ്ചായത്തിന്റെ അതിർത്തിക്കുള്ളിൽ വരുന്ന ചാലക്കുടിപ്പുഴയുടെ പല ഭാഗങ്ങളിലും വ്യാപകമായി പുഴ കൈയ്യേറ്റം ചെയ്യപ്പെട്ടിട്ടുള്ളതായും ആയതിനാൽ അടിയന്തിരമായി മുകുന്ദപുരം താലൂക്കിൽ റീ സർവ്വേ ആരംഭിക്കുവാനും ആയതിൽ പരിയാരം ഗ്രാമപഞ്ചായത്തിന് പ്രഥമ പരിഗണന നൽകണമെന്നും പരിയാരം ഗ്രാമപഞ്ചായത്ത് 17-02-2012 ൽ 10-ാം നമ്പർ തീരുമാനം കൈക്കൊണ്ട റീ സർവ്വേ ആരംഭിച്ചിട്ടില്ലെന്നും ആരംഭിക്കുന്ന മുറയ്ക്ക് പരിയാരം ഗ്രാമപഞ്ചായത്തിലെ വില്ലേജിന് പരിഗണന നൽകുന്നതാണെന്നും തൃശ്ശൂർ സർവ്വേ ഡെപ്യൂട്ടി ഡയറക്ടർ അറിയിച്ചിട്ടുള്ളതായി ജില്ലാ കളക്ടർ റിപ്പോർട്ട് ചെയ്തിരിക്കുന്നു. എന്നാൽ ഇതിനോടകം തന്നെ ചാലക്കുടിപ്പുഴയിലെ ചില കൈയ്യേറ്റങ്ങൾ ഒഴിപ്പിച്ചിട്ടുള്ളതാണ്.

സെക്ഷൻ ഓഫീസർ